നമ്പർ: ജി.എച്ച്.എ– 59/2026

സർക്കാർ അതിഥി മന്ദിരം
വിനോദ സഞ്ചാര വകുപ്പ്
ആലുവ
E-mail:guesthousealuva@gmail.com
തീയതി: 20/05/2026

## ടെൻഡർ നോട്ടീസ്

കേരള വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള ആലുവ ഗവ. ഗസ്റ്റ് ഹൗസിലെ അലക്കുസേവനങ്ങൾ ചെയ്യുന്നതിനായി ഈ മേഖലയിൽ പരിചയ സമ്പന്നരായ വ്യക്തികൾ/ സ്ഥാപനങ്ങൾ മുതലായവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ മുദ്ര വച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസ് ഫോറവും കരാർ വ്യവസ്ഥകളും 400രൂപ + നികുതി നിരക്കിൽ, ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകുന്നേരം 5.00 മണിവരെയുള്ള സമയത്ത് ആലുവ ഗവ..ഗസ്റ്റ് ഹൗസിലെ ഓഫീസിൽ നിന്നും ലഭിക്കുന്നതായിരിക്കും. നിരതദ്രവ്യം ആയി 5,000/- രൂപയുടെ (രൂപ അയ്യായിരം മാത്രം), ഡയറക്ടർ, ടൂറിസം വകുപ്പ് എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാൻറ് ഡ്രാഫ്റ്റ് സഹിതം പൂരിപ്പിച്ച ദർഘാസുകൾ 05/06/2026 ന് 2.30 മണി വരെ ആലുവ ഗവ.ഗസ്റ്റ് ഹൗസിലെ ഓഫീസിൽ സ്വീകരിക്കുന്നതാണ്. അന്നേ ദിവസം 05/06/2026) ഉച്ചയ്ക്ക് 3.00 മണിക്ക് ഹാജരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതായിരിക്കും. ദർഘാസുകൾ തുറക്കുന്നത് നീട്ടി വയ്ക്കാനോ, റദ്ദ് ചെയ്യാനോ ഉള്ള അധികാരം ഗവ.ഗസ്റ്റ് ഹൗസ് മാനേജരിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ അവസാനതീയതിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. മുൻ പ്രവർത്തി പരിചയം ഉണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ആലുവ ഗസ്റ്റ് ഹൗസ് ഓഫീസിൽ നേരിട്ടോ, 0484 2623636 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

മാനേജർ

നോട്ടീസ് ബോർഡ്

പകർപ്പ്
1.ഡയറക്ടർ വിനോദസഞ്ചാര വകുപ്പ് , തിരുവനന്തപുരം( വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്,ആമുഖ കത്ത് സഹിതം)
2.റീജിയണൽ ജോയിന്റ് ഡയറക്ടർ വിനോദസഞ്ചാര വകുപ്പ് എറണാകുളം( ആമുഖ കത്ത് സഹിതം)
3. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, എറണാകുളം(ആമുഖ കത്ത് സഹിതം)
4. ട്രഷറി ഓഫീസർ, സബ് ട്രഷറി, ആലുവ (ആമുഖ കത്ത് സഹിതം)
5.ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസ്, എറണാകുളം ( ആമുഖ കത്ത് സഹിതം)
6. മാനേജർ, ഗവ.ഗസ്റ്റ് ഹൗസ്, എറണാകുളം (ആമുഖ കത്ത് സഹിതം)
7. നോട്ടീസ് ബോർഡ്: കെ എസ് ആർ ടി സി സ്റ്റാൻഡ്, ആലുവ
8. ഓഫീസ് കോപ്പി / കരുതൽ ഫയൽ